"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിനോദ നികുതി– കുറ്റ്യാടി മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2026 മാർച്ച് 20 മുതൽ ഏപ്രിൽ 10 വരെ നടന്ന വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റിന് വിനോദ നികുതി ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്

സ.ഉ.(സാധാ) നം.1589/2026/LSGD തീയതി,തിരുവനന്തപുരം, 22-08-2026

പരാമർശം:-
1. ടൂർണമെന്റ് സംഘാടക സമിതി കൺവീനറുടെ 26.02.2026 ലെ അപേക്ഷ.
2. കുറ്റ്യാടി നഗരസഭ കൗൺസിലിന്റെ 20.05.2026 ലെ തീരുമാനം.

ഉത്തരവ്

കുറ്റ്യാടി മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2026 മാർച്ച് 20 മുതൽ ഏപ്രിൽ 10 വരെ വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചിരുന്നതായും, പ്രസ്തുത ടൂർണമെന്റിൽ നിന്ന് ലഭിക്കുന്ന ലാഭവിഹിതം കുട്ടികൾക്ക് സൗജന്യ ഫുട്ബോൾ പരിശീലനം നൽകുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കി ടൂർണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് പരാമർശം (1) പ്രകാരം സംഘാടക സമിതി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം പരിഗണിച്ച കുറ്റ്യാടി മുനിസിപ്പാലിറ്റി ഭരണസമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കായിക വികസനത്തിനും കുട്ടികളുടെ സൗജന്യ പരിശീലനത്തിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുമായാണ് ടൂർണ്ണമെന്റിന്റെ ലാഭം വിനിയോഗിക്കേണ്ടത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, നഗരസഭ ഭരണസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് ആക്ടിലെ സെക്ഷൻ 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കുറ്റ്യാടി മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2026 മാർച്ച് 20 മുതൽ ഏപ്രിൽ 10 വരെ നടന്ന വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റിന് ഈടാക്കേണ്ട വിനോദ നികുതിയിൽ 50 % ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RADHA P M
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2. സെക്രട്ടറി, കുത്തുപറമ്പ് നഗരസഭ
3. കൺവീനർ, വണ്ടിയായി മുകുന്ദൻ മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് കമ്മിറ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
8.കരുതൽ ഫയൽ / ഓഫീസ് കോപ്പി (RC2/114/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Deepu B K
Date: 22-08-2026
16:31:24
സെക്ഷൻ ഓഫീസർ